AKSHARASURYA
ISSN: 2583-620X
Peer-Reviewed, Multi Lingual E-Journal
Volume – 02, Issue – 02, February 2023.

# ആത്മഛായയിലെ മായികവർണ്ണങ്ങൾ

**ആർ. ചന്ദ്രബോസ്**

Associate professor
Dept.of malayalam
Central university of Kerala

കമല എന്ന മായികത

മാധവിക്കുട്ടി, ഒരു മായാപ്രപഞ്ചത്തിന്റെ പേരാണ്. സ്ഥാപിത വിശ്വാസങ്ങളെ വാക്കിലൂടെ കർമ്മങ്ങളിലൂടെ അസാധാരണ ലാഘവത്തോടെ ലംഘിച്ച ഈ എഴുത്തുകാരി സ്വാതന്ത്ര്യമെന്ന വാക്കിന് വിലോഭനീയമായ അർത്ഥങ്ങൾ നൽകി. സ്ത്രീത്വത്തിന്റെ ഉണ്മയെ തിരയുന്ന പ്രകോപനപരവും ഭാവാസുന്ദരവുമായ രചനകളിലൂടെ, പൊതുസമൂഹത്തെ അക്ഷരാർത്ഥത്തിൽ ഇളിഭ്യരാക്കിയ തീരുമാനങ്ങളിലൂടെ വിവാദങ്ങളുടെ തോഴിയായിത്തീർന്ന മാധവിക്കുട്ടി മൺമറഞ്ഞ് ഒരു വ്യാഴവട്ടം കഴിഞ്ഞിട്ടും വിശകലനങ്ങൾക്കും വിലയിരുത്തലുകൾക്കും അപ്രാപ്യമായി നിലകൊള്ളുന്നു. എഴുത്തിലും നിലപാടുകളിലും ഇത്രമേൽ വൈവിധ്യം പുലർത്തിയ മാധവിക്കുട്ടിയെപ്പോലുള്ള ഒരെഴുത്തുകാരി മലയാളസാഹിത്യത്തിലെന്നല്ല വിശ്വസാഹിത്യത്തിൽ തന്നെ അപൂർവമാണെന്നു പറയാം. പാരമ്പര്യത്തിന്റെയും ആധുനികതയുടെയും അപൂർവരാസയോഗം അവരുടെ വ്യക്തിത്വത്തിന്റെ പ്രത്യേകതയായിരുന്നുവെന്ന് സക്കറിയ നിരീക്ഷിക്കുന്നു്. “മാധവിക്കുട്ടി എന്ന എഴുത്തുകാരി, ഒന്നിലേറെ വ്യക്തികളായിരുന്നു. നാലപ്പാട്ടെ കമല, മാധവിക്കുട്ടി, കമലാദാസ്, കമലാസുരയ്യ – ഈ പേരുകൾ പരിശോധിച്ചാൽ കമല എന്ന പേരിനെയാണ് മാധവിക്കുട്ടി പിടിവിടാതിരുന്നത് എന്നു കാണാം. ഒരു പക്ഷേ, പുന്നയൂർക്കുളത്തെ ഗ്രാമീണവേരുകളും കൽക്കട്ടയിലെ നാഗരിക വേരുകളും ആദ്യമായി ലയിച്ചുചേർന്ന നാലപ്പാട്ടെ കമല എന്ന പെൺകുട്ടിയിലായിരിക്കണം. മാധവിക്കുട്ടി ഗൃഹാതുരത്വത്തിലധിഷ്ഠിതമായ ഒരു തുടർവ്യക്തിത്വം കത്തിയത്” (സക്കറിയ, സന്മനസ്സുള്ളവർക്ക് സമാധാനം, 2013). സങ്കീർണ്ണമായ ജീവിതാനുഭവങ്ങളുടെ നിഴലും വെളിച്ചവും ഇടകലർന്ന അപൂർവ്വമായ സർഗ്ഗാത്മക വ്യക്തിത്വമായിരുന്നു മാധവിക്കുട്ടിയുടേത് എന്നത്രേ, അവരുടെ എഴുത്തിന്റെ തരംഗദൈർഘ്യം തിരിച്ചറിഞ്ഞ എഴുത്തുകാരൻ, സക്കറിയ പറയുന്നത്.

സാഹിത്യത്തിന്റെയും വൈജ്ഞാനികതയുടെയും ആദർശസമ്പന്നതയുടെയും പാരമ്പര്യമുള്ള തറവാടന്ന് കീർത്തികേട്ട നാലപ്പാട്ട് ജനിച്ച്, ഗാന്ധിയൻ ലാളിത്യവും പരിശ്രമശീലവും ജീവിതത്തിൽ പ്രാവർത്തികമാക്കിയ അച്ഛനമ്മമാരോടൊപ്പം മഹാനഗരത്തിലും ചില ഇടവേളകളിൽ ഗ്രാമത്തിലുമാണ് അവർ ബാല്യകൗമാരങ്ങൾ ചെലവിട്ടത്. കൗമാരമെത്തും മുമ്പേ വിവാഹിതയായി വീം മഹാനഗരങ്ങളിൽ കുടുംബിനിയായി കഴിഞ്ഞു. ഇരുപതാംനൂറ്റാിലെ ലോകചരിത്രം വിക്ഷുബ്ധതകളിലൂടെ കടന്നുപോകുമ്പോഴായിരുന്നു മാധവിക്കുട്ടിയുടെ ബാല്യം. ഗ്രാമ-നഗരാനുഭവങ്ങളും കാഴ്ചകളും ബന്ധങ്ങളും ബന്ധനങ്ങളും സ്വപ്നങ്ങളും സ്വപ്നഭംഗങ്ങളും സ്നേഹവും രതിയും സൗഹൃദവുമെല്ലാം നുകർന്നു പോകവെ എഴുത്തിന്റെ മായികലോകത്തേക്ക് ആകർഷിക്കപ്പെട്ടവളായി. ഇംഗ്ലീഷിൽ കവിതകളെഴുതി. മലയാളത്തിൽ കഥകളും. ആ എഴുത്തുകൾ പക്ഷേ, സാഹിത്യഭാവുകത്വത്തെയും മൂല്യസങ്കല്പങ്ങളെയും തിരുത്താൻ ശേഷിയുള്ളവയായിരുന്നു. ആ എഴുത്തിലെ അസാധാരണത്വവും സെൻസേഷണലിസവും ലോകമെങ്ങും ശ്രദ്ധിക്കപ്പെട്ടു. സ്ത്രീവിമോചന ആശയങ്ങൾ ഉന്മാദമായി പടർന്നുപിടിച്ച അമേരിക്കപോലുള്ള രാജ്യങ്ങളിൽ ‘എന്റെ കഥയും’ മാധവിക്കുട്ടിയും ഫീച്ചറിനും ലേഖനങ്ങൾക്കും വിഷയമായി. ലോകശ്രദ്ധനേടിയ ആദ്യമലയാള എഴുത്തുകാരി മാധവിക്കുട്ടി തന്നെയാണ്. ഒരു തരത്തിൽ വിപണിബിംബമായി മാറിയ ഈ എഴുത്തുകാരി ജീവിതാന്ത്യം വരെ വശ്യസുന്ദരമായ രചനകളിലൂടെയും അസാധാരണ തീരുമാനങ്ങളിലൂടെയും സമൂഹത്തിന്റെ ശ്രദ്ധാകേന്ദ്രമായി. യഥാർത്ഥത്തിൽ ആരായിരുന്നു മാധവിക്കുട്ടി? വ്യക്തിയെന്ന നിലയിലും എഴുത്തുകാരിയെന്ന നിലയിലും അവരുടെ അസാധാരണതകളെ എങ്ങനെയാണ് വിവേചിച്ചറിയുക. നാളിതുവരെയുായിട്ടുള്ള മാധവിക്കുട്ടി വായനകൾ, അപൂർവം തൂലികാചിത്രങ്ങളും ജീവചരിത്രക്കുറിപ്പുകളുമൊഴികെ, അവർ സൃഷ്ടിച്ച ഭാവനാലോകങ്ങളെ യഥാർത്ഥമെന്ന് ഭ്രമിച്ച് വിലയിരുത്താനാണ് ശ്രമിച്ചിട്ടുള്ളത്.

പ്രണയം, സ്ത്രീശരീരം, സ്ത്രീലൈംഗികത ഇവയുടെ തുറന്ന ആവിഷ്കാരങ്ങളെന്ന നിലയിൽ അവരുടെ രചനകൾക്ക് നിലയ്ക്കാത്ത വാഴ്ത്തുപാട്ടുകൾ ഉായിരിക്കൊേ യിരിക്കുന്നു. ഇത്തരം വിലയിരുത്തലുകൾക്കെല്ലാം ആധാരമായിത്തീർന്ന ഗ്രന്ഥം ‘എന്റെ കഥ’ എന്ന വിവാദകൃതിയത്രേ. മാധവിക്കുട്ടിയുടെ സർഗ്ഗാത്മക വിക്ഷോഭങ്ങളിലേക്കുള്ള ഒരു കിളിവാതിലാണ് ‘എന്റെകഥ’ എന്ന ആത്മകഥാപരമായ രചന. യഥാർത്ഥത്തിൽ ഈ കൃതി ഒരു ഫിക്ഷനായിരുന്നു. ഇതിലെ ഭാഷയെയും ഭാവനയെയും അപഗ്രഥിച്ചാൽ അവരുടെ എഴുത്തിന്റെ മൂലകങ്ങളെയും പിൽക്കാലരചനകളുടെ അടിസ്ഥാന സങ്കല്പങ്ങളെയും കത്തൊൻ കഴിയും. എന്റെ കഥയെ മുൻനിർത്തി

AKSHARASURYA
ISSN: 2583-620X
Peer-Reviewed, Multi Lingual E-Journal
Volume – 02, Issue – 02, February 2023.

മാധവിക്കുട്ടിയുടെ സർഗ്ഗാത്മകജീവിതത്തിന്റെ ഇരുളും നിലാവും മഴവില്ലഴകും യാഥാർത്ഥ്യവും ഭ്രമാത്മകതയും കത്തൊനാണ് ഇവിടെ ശ്രമിക്കുന്നത്. മാധവിക്കുട്ടിയുടെ ജീവിതത്തെ അടുത്തറിയാമായിരുന്ന, ബോംബെയിൽ പത്രപ്രവർത്തകനായിരുന്ന എം.പി. നാരായണപിള്ള, മാധവിക്കുട്ടിയെക്കുറിച്ചെഴുതിയ തൂലികാചിത്രമാണ് ഈ വിശകലനത്തിന് മുഖ്യമായും അവലംബമാക്കിയിരിക്കുന്നത്.

‘എന്റെകഥ’യുടെ കഥ

‘എന്റെകഥ’ സൃഷ്ടിച്ച മായയിൽക്കൂടിയാണ് മാധവിക്കുട്ടിയുടെ ജീവിതത്തെയും സാഹിത്യത്തെയും പലരും മനസ്സിലാക്കാൻ ശ്രമിച്ചതെന്നും ഡസൻകണക്കിനു ഭാഷകളിൽ പരിഭാഷയും ഡസൻകണക്കിനും എഡിഷനുകളും പുറത്തിറങ്ങിയ ഈ കൃതി ഒരു നോവലാണെന്നത്രേ എം.പി.നാരായണപിള്ളയുടെ സുചിന്തിതമായ അഭിപ്രായം (മൂന്നാം കണ്ണ്, 79) ഏതായാലും ഈ കൃതിയെ ശരിക്കും വിലയിരുത്തണമെങ്കിൽ അതിന്റെ രചനാപശ്ചാത്തലം കൂടി മനസ്സിലാക്കേതു്. അതിൽ എഴുത്തുകാരിയുടെ മനോനിലയും സാമ്പത്തികസ്ഥിതിയും കുടുംബപശ്ചാത്തലവും സെൻസേഷണൽ ജേണലിസത്തിന്റെ നിഗൂഢപദ്ധതികളുമെല്ലാം ഇടകലർന്നിരിക്കുന്നു എന്നു കാണാം. 1970 കളുടെ തുടക്കമാണ് ‘എന്റെകഥ’യുടെ രചനാകാലം. ഇക്കാലത്ത് മലയാളത്തിൽ സാഹിത്യ ജേണലിസം വിപണികേന്ദ്രിതമായി ചുവടുമാറ്റിയിരുന്നു. പൈങ്കിളിനോവലുകളും തുടരൻ പംക്തികളും കൊ് അച്ചടിമാധ്യമരംഗം ജനപ്രിയതയുടെ തരംഗം സൃഷ്ടിച്ചു കൊിരുന്നു. അക്കാലത്തെ മുൻനിരസാഹിത്യപ്രസിദ്ധീകരണമായിരുന്നു കൊല്ലത്തു നിന്ന്, എസ്.കെ.നായരുടെ ഉടമസ്ഥതയിൽ പ്രസിദ്ധീകരിച്ചിരുന്ന മലയാളനാട്. കച്ചവടതന്ത്രങ്ങൾ അറിയാവുന്നയാളും എഴുത്തുകാരുമായി നല്ല ബന്ധം പുലർത്തിയിരുന്ന സഹൃദയനമായിരുന്നു എസ്.കെ.നായർ. എഴുപതുകളിലെ ക്ഷുഭിതയൗവനങ്ങൾക്കായി നിർല്ലോഭം തന്റെ മാസികയുടെ താളുകൾ നീക്കിവെച്ച അദ്ദേഹത്തിന്റെ മനസ്സിൽ ഒരു ഉശിരൻ തുടർപംക്തിക്കുവേിയുള്ള അന്വേഷണമാണ് മാധവിക്കുട്ടിയിലെത്തിയത്. ഭർത്താവ് മാധവദാസിനും മക്കൾക്കുമൊപ്പം മാധവിക്കുട്ടി അന്ന് മുംബെയിൽ ബാങ്കേഴ്സ് കോളനിയിലായിരുന്നു താമസം. സാഹിത്യപാരമ്പര്യമുള്ള കുടുംബത്തിലെ അംഗമെന്ന നിലയിലും പുരോഗമനസ്വഭാവമുള്ള എഴുത്തുകാരിയെന്ന നിലയിലുമുള്ള മാധവിക്കുട്ടിയുടെ സ്വീകാര്യത തിരിച്ചറിഞ്ഞ എസ്.കെ.നായർ, ആത്മകഥ പോലെ ഒരു പരമ്പര തന്റെ വാരികയ്ക്കായി എഴുതിത്തരാൻ മാധവിക്കുട്ടിയുമായി കരാറിലാവുന്നു. ഈ പുസ്തകം എഴുതാനുള്ള പ്രധാനം കാരണം മാധവിക്കുട്ടിയുടെ അക്കാലത്തെ സാമ്പത്തിക ബുദ്ധിമുട്ടായിരുന്നു എന്നാണ് ഈ കരാറിനും ചർച്ചയ്ക്കും സാക്ഷിയായ എം.പി.നാരായണപിള്ള രേഖപ്പെടുത്തിയിട്ടുള്ളത്. യാഥാർത്ഥ്യവും ഫിക്ഷനും കലർത്തി ഒരു കഥയുടെ മട്ടിലാണ് ‘എന്റെകഥ’ എഴുതിത്തുടങ്ങിയത്രേ. ഇത്തരത്തിൽ എഴുത്ത് മുന്നോട്ട് പോകുമ്പോഴാണ് മാധവിക്കുട്ടി അസുഖബാധിതയായി ആശുപത്രിയിലാകുന്നത്. താൻ മരിക്കാൻ പോവുകയാണെന്ന് അവർ വിശ്വസിച്ചു. രോഗത്തിന്റെയും വിഭ്രാന്തിയുടെയും ഭാഷ എന്റെ കഥയുടെ തുടക്കത്തിൽ കാണാം. രോഗത്തിനും മരണഭീതിക്കുമിടയിലെ നിമിഷങ്ങളിലെങ്ങോ രും കല്പിച്ച് എഴുതുകയായിരുന്നു. എന്റെ കഥയുടെ ഉപക്രമമായ ‘കുരുവിയുടെ ദുഃഖം’ അതാണ് വ്യക്തമാക്കുന്നത്. മരണത്തിനു മുമ്പു മത്താപ്പു കത്തിക്കാനുള്ള നാലുവയസ്സുള്ള കുട്ടിയുടെ മോഹം പോലെയായിരുന്നു അതെന്ന് എം.പി.നാരായണപിള്ള പറയുന്നു. രോഗാതുരതയിൽ നിന്ന് രൂപപ്പെട്ട ഈ എഴുത്ത് മലയാളത്തിലെന്നല്ല ഇന്ത്യയിലെയും ഏഷ്യയിലെയും സെൻസേഷനായി കത്തിപ്പടരുകയായിരുന്നു. മലയാളത്തിൽ അത് ഏറെ വിവാദങ്ങൾ അഴിച്ചുവിട്ടു. പമ്മൻ എന്ന ജനപ്രിയ നോവലിസ്റ്റ് ‘എന്റെകഥ’യെ കാമോന്മാദമായി ചിത്രീകരിച്ചുകൊ് ഭ്രാന്തെന്ന പേരിൽ നോവലെഴുതിയതും ചരിത്രം. ‘എന്റെകഥ’യിലൂടെ മലയാളനാടിന്റെ പ്രചാരം കുത്തനെകൂടി. ഏഷ്യാവീക്ക് പത്രാധിപരായിരുന്ന ടി.ജെ.എസ്.ജോർജ്ജ് മാധവിക്കുട്ടിയെക്കുറിച്ച് കവർഫീച്ചർ ചെയ്തു. അതോടെ ഈ എഴുത്തുകാരി പാശ്ചാത്യവായനാസമൂഹത്തിലും ഫെമിനിസ്റ്റുകൾക്കിടയിലും താരമായി മാറി. യാഥാസ്ഥിതികമൂല്യങ്ങൾ പുലരുന്ന ഇന്ത്യൻ സമൂഹത്തിൽ നിന്ന് സ്ത്രീശരീരത്തെ ക്കുറിച്ചും ലൈംഗികതയെക്കുറിച്ചുമുള്ള ഒരു പെണ്ണിന്റെ തുറന്നെഴുത്തിൽ പാശ്ചാത്യ സമൂഹത്തിന് കൗതുകം തോന്നിയത് സ്വാഭാവികം. ഏഷ്യാവീക്കിനെ തുടർന്ന് ടൈംമാഗസിനും മാധവിക്കുട്ടിയെക്കുറിച്ച് ലേഖനം പ്രസിദ്ധീകരിക്കുകയുായി. അതിനിടെ കറന്റ് വാരികയുടെ പത്രാധിപരായിരുന്ന അയൂബ്സെയ്ദ് തന്ത്രപൂർവ്വം മാധവിക്കുട്ടിയെ സമീപിച്ച് ‘എന്റെകഥ’യുടെ ഇംഗ്ലീഷ് പരിഭാഷയിക്കുള്ള അവകാശം കൈക്കലാക്കുന്നു. ‘എന്റെകഥ’ ചരിത്രമായി മാറിയത് ഇങ്ങനെയാണ്. അച്ചടിമാധ്യമാങ്ങൾ പ്രതിഭാശാലിയായ ഒരു എഴുത്തുകാരിയുടെ ഭാവനാലോകങ്ങൾ വിപണനം ചെയ്തതിന്റെ കഥകൂടിയാണ് ‘എന്റെകഥ’.

കാവ്യാത്മക ആത്മകഥ

യാഥാർത്ഥ്യവും സങ്കല്പവും ഒന്നായി മാറുന്ന മതിഭ്രമം മാധവിക്കുട്ടിയുടെ വ്യക്തിജീവിതത്തിന്റെ പ്രത്യേകതയായിരുന്നുവെന്ന് അനുഭവത്തിന്റെയും വസ്തുതകളുടെയും അടിസ്ഥാനത്തിൽ എം.പി.നാരായണപിള്ള സമർത്ഥിക്കുന്നു്. “അക്കാലത്ത് രാത്രി വളരെ വൈകുന്നതുവരെ, മാധവിക്കുട്ടിയും ചിന്നനും ഷോഡുവും (മക്കൾ)

AKSHARASURYA
ISSN: 2583-620X
Peer-Reviewed, Multi Lingual E-Journal
Volume – 02, Issue – 02, February 2023.

കൂടിയിരുന്നു പഴയകഥകൾ പറയും. വീട്ടുകാരെപ്പറ്റിയും അവരൊക്കെ കുമുട്ടിയ വിചിത്രമനുഷ്യരെപ്പറ്റിയും. ഇത്തരം കഥ പറയുന്നശീലം അല്ലെങ്കിൽ എല്ലാ സാഹിത്യത്തിന്റെയും അടിയൊഴുക്കായ ഒേ്യ്യ ലേഹഹശിഴ ആണ് ഒരെഴുത്തുകാരി എന്ന നിലയിൽ മാധവിക്കുട്ടിയെ പൂർണ്ണതയിലെത്തിക്കുന്നത്. തനിക്കു ചുറ്റുമുള്ള മനുഷ്യരൊക്കെ കഥാപാത്രങ്ങളായി മാറുന്ന, സംഭവങ്ങളൊക്കെ കഥയായി പരിണമിക്കുന്ന, ജീവിക്കുന്ന ലോകം തന്നെ ഒരു നോവലായി മാറുന്ന യഥാർത്ഥസർഗ്ഗപ്രതിഭയുടെ അവസ്ഥയാണ് മാധവിക്കുട്ടിക്ക് ഉായിരുന്നതെന്നും എന്റെ കഥ, ഈ സർഗ്ഗാത്മകമായ വിഭ്രമത്തിന്റെ സൃഷ്ടിയാണെന്നും എം.പി.നാരായണപിള്ള ചൂിക്കാട്ടുന്നു (പു.83)."

ആത്മകഥയെന്ന വ്യവഹാരം എല്ലാ മുൻധാരണകളെയും റദ്ദുചെയ്തതിന്റെ ചരിത്രമാണ് ഇരുപതാംനൂറ്റാിന്റെ മധ്യദശകങ്ങൾക്കുശേഷവും സമകാലത്തും ഉാകുന്ന രചനകൾ മുന്നോട്ടുവയ്ക്കുന്നത്. ജീവിതമെഴുത്തിൽ വസ്തുതയും ഫിക്ഷനും വേർതിരിക്കേതെങ്ങനെ എന്നതു സംബന്ധിച്ച് ചിന്തകർ നിരവധി ആലോചനകൾ അവതരിപ്പിച്ചിട്ടു്. ആത്മകഥയെന്ന വ്യവഹാരത്തിന്റെ പരമ്പരാഗത സ്വഭാവങ്ങളായ ചരിത്രപരത, പ്രബോധനാത്മകത എന്നിവ സമകാല രചനകൾ തകർത്തു കളയുന്നു്. അതിന് തുടക്കം കുറിച്ച രചനയാണ് ഒരുപക്ഷേ എന്റെകഥ. സ്തോഭജനകമായ ഒരു ഫിക്ഷൻ പോലെ വായനക്കാരെ വൈകാരികചുഴിയിലകപ്പെടുത്തുന്ന രചനയാണിത്. ജീവിതത്തെക്കുറിച്ചുള്ള അവബോധം രൂപപ്പെടുത്തുന്ന ഏറ്റവും ഉയർന്നതും പ്രബോധനപരവുമായ എഴുത്തുരൂപമായി, വിൽഹം ഡിൽതെയെപ്പോലുള്ളവർ ആത്മകഥകളെ പരിഗണിച്ചിരുന്നു. ആധുനികോത്തര ആശയപരിസരത്തിൽ ആത്മാഖ്യാനങ്ങളോടുള്ള സമീപനത്തിൽ മാറ്റം വന്നു. സത്യം ഃ പ്രതിനിധാനം, വസ്തുത ഃ ഫിക്ഷൻ തുടങ്ങിയ ആത്മകഥയുടെ മൂലകങ്ങൾ ഘടനാവാദ, ഘടനാവാദാനന്തര ചിന്തകർ പ്രശ്നവൽക്കരിക്കുകയും പല നൂതനസിദ്ധാന്തങ്ങളും അവതരിപ്പിക്കുകയും ചെയ്യുകയുായി. ഞീ്യ ജമരെമഹ എഴുതിയ ഠൃൗവേ ശ അൗീയശീഴൃമുവ്യ ഇത്തരത്തിൽ ആത്മകഥകളെ പ്രശ്നവൽക്കരിക്കുന്ന ഗ്രന്ഥങ്ങളിലൊന്നാണ്. യഥാർത്ഥസ്വത്വത്തെ ക്കുറിച്ചുള്ള അന്വേഷണത്തിലൂന്നുന്ന ഭൂതകാലാവലോകനമാണ് ആത്മകഥയെന്ന് ഞീ്യ ജമരെമഹ പറയുന്നു. ഖമാലെ ഛഹിലി്യ യുടെ എീ്യാ ശ അൗീയശീഴൃമുവ്യ ഋൃശൈേമ്യ ശ വേല ഒശെ്യേ്യ ീള ഘശലേൃമൃ്യ ഏലിൃല (1980) ആത്മകഥയുടെ രൂപഭാവങ്ങളെക്കുറിച്ച് നവീനദർശനങ്ങൾ അവതരിപ്പിച്ച ഗ്രന്ഥമാണ്. രചനയുടെ സംഗ്രഹനിമിഷത്തിൽ സ്വത്വത്തിന്റെ രൂപകമായി സ്വയം മാറുന്നതാണ് ആത്മകഥ. സ്വത്വവും സത്യവും ആത്മകഥാസിദ്ധാന്തചർച്ചയിൽ പ്രധാനമാണെന്നും അദ്ദേഹം പറയുന്നു്. സ്വത്വപരിസ്ഥിതിയെ മുൻനിർത്തിയും താത്ത്വികമോ കാവ്യാത്മകമോ ആയ പരിചരണസ്വഭാവം അവലംബമാക്കിയും ചരിത്രാത്മകം, തത്ത്വചിന്താപരം, കാവ്യാത്മകം എന്നിങ്ങനെ ആത്മകഥകളെ അദ്ദേഹം തരംതിരിക്കുന്നു. സത്യസന്ധവും ഉറച്ചതുമായ ഭൂതകാലാനുഭവങ്ങളുടെ രേഖയാണ് ചരിത്രപരമായ ആത്മകഥ. ഭൂതകാലവും വർത്തമാനസാഹചര്യങ്ങളും രൂപപ്പെടുത്തുന്ന സ്വത്വത്തെ പ്രതിഫലിപ്പിക്കുന്നു തത്ത്വചിന്താപരമായ ആത്മകഥകൾ. പ്രതിരൂപാത്മകമായ സ്വത്വാവിഷ്കാരമാണ് കാവ്യാത്മക ആത്മകഥ. ചരിത്രരേഖ, സാഹിത്യരൂപം, കേസ്സ്റ്റഡി, കുമ്പസാരം, പ്രത്യയശാസ്ത്രവിമർശനം എന്നീ നിലകളിൽ ആത്മകഥകളെ പഠിക്കുന്ന സമീപനം വളർന്നിട്ടു്. വസ്തുത, ഫിക്ഷൻ, സ്വകാര്യം, സാമുദായികപാഠങ്ങൾ, നുണകൾ തുടങ്ങി വിരോധാഭാസങ്ങളുടെ ഒരു പരമ്പരയായി ആത്മകഥകളെ നിർവചിക്കാമെന്നാണ് അഹയലൃേ ഋ ടീേില പറയുന്നത് (അാലൃശരമി അൗീയശീഴൃമുവ്യ, ഇൃശശേരമഹ ഋലൈ്യ) ആത്മകഥകളെക്കുറിച്ചുള്ള നവസമീപനങ്ങളുടെ വെളിച്ചത്തിൽ പരിശോധിച്ചാൽ വൈരുധ്യങ്ങളുടെ അടരുകൾ തന്നെ എന്റെ കഥയിൽ കാണാം. വസ്തുതയും ഫിക്ഷനും കാവ്യാത്മകസ്വഭാവവും ഉൾവഹിക്കുന്ന എന്റെകഥ വരികൾക്കിടയിലൂടെ വായിച്ചാൽ വസ്തുതയേയും സാമൂഹ്യചരിത്രത്തേയും അതിവർത്തിച്ചു നിൽക്കുന്നു അതിന്റെ ഫിക്ഷൻ സ്വഭാവം എന്നു കാണാം. കാവ്യാത്മകമായ ആത്മകഥ എന്നു വിളിക്കുന്നതാവും ഉചിതം. ഏതായാലും അസാധാരണ സർഗ്ഗശക്തിയുള്ള ഒരെഴുത്തുകാരിയുടെ ആന്തരികലോകത്തെ വിക്ഷുബ്ധതകളുടെയും കാല്പനികത യുടെയും ആവിഷ്കാരമാണ് എന്റെകഥ. പ്രതീകാത്മകതയും അതിഭാവുകത്വവുമാണ് അതിന്റെ വിസ്ഫോടകസൗന്ദര്യത്തിനു നിദാനം. 'കുരുവിയുടെ ദുരന്തം' എന്ന മുഖ്യാധ്യായം ഇതിന്റെ ഫിക്ഷൻ സ്വഭാവത്തെ സാക്ഷ്യപ്പെടുത്തുന്നു. അസ്തിത്വ വ്യഥയുടെയും വിഭ്രാന്തിയുടെയും മിന്നലാട്ടം ഇതിലെ വരികൾക്കിടയിൽ കത്താം. "കുറെ വർഷങ്ങൾക്കുമുമ്പ് ഒരു ദിവസം ഉച്ചയ്ക്കു ശേഷം ഒരു കുരുവി എന്റെ മുറിയുടെ കിളിവാതിലിലൂടെ ഒറ്റയ്ക്കു പറന്നുവന്നു. അതിന്റെ മാറ് ചുറ്റിത്തിരിയുന്ന പങ്കയിൽ ചെന്നിടിച്ചു, കിളി തെറിച്ചുപോയി ജാലകത്തിന്റെ സ്ഫടികത്തിൽ തട്ടി നിമിഷങ്ങളോളം അതിന്മേൽ പറ്റിപ്പിടിച്ചിരുന്നു. കുരുവിയുടെ നെഞ്ചിൽ നിന്നു രക്തം വാർന്നു സ്ഫടികത്തിന്മേൽ പടർന്നു" കുരുവിയുടെ അത്യാഹിതത്തിന്റെ ഓർമ്മ, ഈ ആത്മകഥാക്കുറിപ്പുകളുടെ പ്രതീകാത്മകമായ സംഗ്രഹമായിത്തീരുന്നു് എന്ന് പറയാം. കുരുവി-അപകടം-മുറിവ്-നെഞ്ചിൽ നിന്നു സ്ഫടികത്തിൽ വാർന്നുവീണ രക്തം ഈ പ്രതീകങ്ങളെ സ്വന്തം ജീവിതകഥയിലേക്ക് കാവ്യാത്മകമായി അന്വയിക്കുകയാണ് എഴുത്തുകാരി. നിസ്സഹായതയുടെയും വിധിയുടെയും ഈ പക്ഷിബിംബവും മുറിവും രക്തവുമെല്ലാം ആത്മരക്തം കൊഴെുതിയ വാക്കുകളാണ് തന്റെ ആത്മകഥയെന്ന് അതിഭാവുകത്വം കലർത്തി പറയുന്നു. തുടർന്നുള്ള വാക്കുകൾ ഇത് സാധൂകരിക്കുന്നു്. "ഇന്ന് എന്റെ രക്തം ഈ കടലാസ്സിലേക്ക് വാർന്നു വീഴട്ടെ, ആ രക്തംകൊു ഞാൻ എഴ

AKSHARASURYA
ISSN: 2583-620X
Peer-Reviewed, Multi Lingual E-Journal
Volume – 02, Issue – 02, February 2023.

ുതട്ടെ ഞാനിതിനെ കവിത എന്നു വിളിക്കാൻ ഇഷ്ടപ്പെടുന്നു. എന്റെ ഉള്ളിൽ സുന്ദരമായ ഒരു പ്രക്ഷുബ്ധത സൃഷ്ടിച്ചിട്ട് മുകൾപ്പരപ്പിലേക്കുയർന്നുവന്നു ഗദ്യമെന്ന താരതമ്യേന ദൃഢതരമായ രൂപത്തിൽ ഒതുങ്ങുമ്പോൾ വാക്കുകൾക്ക് അവയുടെ സംഗീതം നഷ്ടപ്പെട്ടുപോവുന്നുവെങ്കിലും ഇതിനെ കവിതയെന്നു വിളിക്കാൻ ഞാനിഷ്ടപ്പെടുന്നു. ഇതെഴുതാനുള്ള കഴിവുാകണമെന്ന് എല്ലാക്കാലത്തും ഞാൻ ആഗ്രഹിച്ചുപോന്നു. പക്ഷേ കവിത നമുക്കുവേി പാകമാവുന്നില്ല. കവിതയ്ക്കു വേ പക്വത നാം നേടേിയിരിക്കുന്നു (എന്റെകഥ, പു.7)." കുരുവിയുടെ പ്രതീകകല്പനയിൽ തുടങ്ങി കാവ്യാത്മകതയെക്കുറിച്ചുള്ള പരാമർശത്തിൽ അവസാനിക്കുന്ന ആദ്യഖണ്ഡിക തന്നെ വ്യവസ്ഥകളെ മറികടക്കുന്ന ഭാവനകളാണ് തനിക്ക് എഴുതാനുള്ളതെന്ന് സൂചന നൽകുന്നു. തുടർന്ന്, ഭാവനാപരമായ തുറന്നുപറച്ചിലിന്റെ വിസ്ഫോടനം തന്നെ സൃഷ്ടിക്കുന്നു്. പെണ്ണെഴുത്തിന്റെ ചരിത്രത്തിലെ പ്രകോപനസൗന്ദര്യം നിറഞ്ഞ എഴുത്തായി അത് ഒരു തരത്തിൽ സ്വീകരിക്കപ്പെട്ടു. സ്ത്രീശരീരത്തെക്കുറിച്ചും ലൈംഗികതയെക്കുറിച്ചുമുള്ള പരാമർശങ്ങൾ പെണ്ണെഴുത്തിലൂടെ അന്നുവരെ ദൃശ്യതയിൽ വന്നിരുന്നില്ല. തന്റെ ശരീരത്തെ അഭിമാനമായി കാണുന്ന, അടിച്ചമർത്തപ്പെട്ട സ്ത്രീകൾക്ക് വിമോചനത്തിന്റെ ചിറകടിയൊച്ചകളായിത്തീർന്ന എഴുത്ത്, പക്ഷേ പുരുഷവായനക്കാർക്ക് അതിൽ രതിരസം നുണയാനും കഴിഞ്ഞിട്ടുാവണം. സ്ത്രീപുരുഷവായനാസമൂഹത്തിൽ വ്യത്യസ്ത പ്രതിഫലനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞ എഴുത്തായിരുന്നു അതെന്നു പറയാം. എന്നാൽ യഥാർത്ഥത്തിൽ 'എന്റെകഥ'യെ എഴുത്തുകാരിയുടെ അക്കാലത്തെ മനോനിലയുമായി ചേർത്തുവെച്ചാണ് വായിക്കേത്. അത്തരം മാനസികാവസ്ഥയെക്കുറിച്ച് അറിവില്ലാതെയാണ് സ്ത്രീയുടെ തുറന്നെഴുത്തിന്റെ മസാലപാഠമായി എന്റെകഥ ലോകമെങ്ങും വായിക്കപ്പെട്ടത്.

നിഷേധത്തിന്റെ സൗന്ദര്യം

അന്തർഭാവപരമായി മാത്രമല്ല രൂപപരമായും വ്യവസ്ഥാനിഷേധത്തിന്റെ സൗന്ദര്യം എന്റെ കഥയ്ക്ക് വേറിട്ട പരിവേഷം നൽകുന്നു്. ആത്മകഥയെന്നു വ്യവഹാരത്തിന്റെ സ്ഥിതിധാരണകളെ തിരുത്താൻ മാധവിക്കുട്ടി സർഗ്ഗാത്മകമായി ശ്രമിക്കുന്നു. "ഞാൻ ഈയിടെ ആത്മകഥാശകലങ്ങൾ എഴുതിവരുന്നു എന്നറിഞ്ഞപ്പോൾ എന്റെ മിത്രങ്ങളിൽ ചിലർ പറഞ്ഞു. നാല്പതുവയസ്സുപോലും തികയാത്ത ഒരാളും ആത്മകഥയെഴുതുവാൻ തുനിയരുത് എന്ന്. ഈ അഭിപ്രായത്തോട് ഞാൻ തീരെ യോജിക്കുന്നില്ല. ഒരാൾ നൂറ്റിയിരുപതുവയസ്സുവരെ ജീവിച്ചാലും അറുപതുവയസ്സുവരെ ജീവിച്ചാലും അല്ല മുപ്പതുവയസ്സുവരെ ജീവിച്ചാലും അയാളുടെ ജീവിതം ഒരു മനുഷ്യജന്മം എന്ന നിലയിൽ പൂർണ്ണമായിരിക്കും. അതിൽ സുഖവും ദുഃഖവും സൗന്ദര്യവും വൈരൂപ്യവും വിധിച്ച പാകത്തിൽ വിലയിതമായിരിക്കും" (പു.19) എന്നാണ് എഴുത്തുകാരി കത്തെുന്ന ന്യായീകരണം. സ്ത്രീയെക്കുറിച്ച് സമൂഹം നിർമ്മിച്ചുവെച്ചിരിക്കുന്ന എല്ലാ മിത്തുകളും തകർന്നുടയുന്നു. ആദ്യചുംബനം, ആദ്യാനുരാഗം, രതിബന്ധം എന്നുവേ തന്റെ ശരീരത്തെയോ മനസ്സിനെയോ തിരിച്ചറിയാത്തവനാണ് തന്റെ പങ്കാളി എന്നു വരെ 'കുരുവിയുടെ ദുഃഖം' എന്ന മുഖ്യാധ്യായത്തിലെ വിവരണങ്ങളിൽ കടന്നുവരുന്നു്. സ്ത്രീശരീരത്തെ ക്കുറിച്ചും ലൈംഗികതയക്കുറിച്ചുമുള്ള ഈ പരാമർശങ്ങൾ തന്നെയാവണം മലയാള വായനക്കാർ ഇതിനെതിരെ മുഖം ചുളിക്കാനും പാശ്ചാത്യവായനക്കാർ ഇതിന്റെ സ്ഫോടന സൗന്ദര്യത്തിലേക്ക് ആകർഷിക്കപ്പെടാനും കാരണമായത്. ഭ്രമഭാവനയുടെയും കാല്പനികതയുടെയും മഴവില്ലഴകു നിറയുന്ന ആഖ്യാനത്തോടൊപ്പം വസ്തുതകളുടെ തെളിമാനങ്ങളും 'എന്റെകഥ'യിൽ മിന്നിമറയുന്നു്. ബാല്യകാലസ്മരണകളിൽ വ്യക്തികളും സംഭവങ്ങളും അന്തരീക്ഷവും ഒരു കാലഘട്ടത്തിന്റെ രേഖാചിത്രങ്ങളായി വായനക്കാർക്ക് അനുഭവപ്പെടുന്നു. സമുന്നതസാഹിത്യവ്യക്തിത്വമായിരുന്നു, അമ്മാവൻ നാലപ്പാട്ട് നാരായണമേനോൻ, സ്ത്രീജീവിതത്തിന്റെ ഭിന്നാവസ്ഥകളുടെ പ്രതിനിധികളായി കാണാവുന്ന നാലപ്പാട്ട് തറവാട്ടിലെ സ്ത്രീകൾ, കൽക്കട്ടയിലെ ബാല്യകാല്യം, ഇടയ്ക്ക് നാട്ടിലെത്തുമ്പോഴുള്ള അനുഭവങ്ങൾ എല്ലാം ശകലിതഓർമ്മകളായി ആഖ്യാനത്തിൽ ഇടം നേടുന്നു. ചെറിയചെറിയ സൂചനകളും പരാമർശങ്ങളും ആണെങ്കിൽക്കൂടി ഓരോരുത്തരുടെയും വ്യക്തിത്വം അവയിൽ തെളിഞ്ഞുവരുന്നു്. പ്രതിജനഭിന്നവിചിത്രമായ ജീവിതം ഒരു കഥയിലെന്ന പോലെ വായനക്കാരൻ അറിയുന്നു. സ്ഥലകാലവ്യക്തിസൂചകങ്ങളോടൊപ്പം സാമൂഹിക രാഷ്ട്രീയ ചലനങ്ങളും ഈ ഓർമ്മയെഴുത്തിന് അസാധാരണ നാടകീയത നൽകുന്നു്.

വ്യക്തിസ്വാതന്ത്ര്യത്തിനും ജീവിതമൂല്യങ്ങൾക്കും പ്രാധാന്യം നൽകിയിരുന്ന കുടുംബപശ്ചാത്തലമായിരുന്നു എഴുത്തുകാരിയുടേത് എന്ന് ഈ വിവരണങ്ങളിൽ നിന്ന് വായനക്കാർ മനസ്സിലാക്കുന്നു. ആദർശത്തിലടിയുറച്ചതും ലാളിത്യം നിറഞ്ഞതുമായ കുടുംബാന്തരീക്ഷം മാധവിക്കുട്ടി എന്ന എഴുത്തുകാരിയെ രൂപപ്പെടുത്തുന്നതിൽ നിർണ്ണായക പങ്കുവഹിച്ചിരുന്നു. "അമ്മ ഈശ്വരഭക്തയായിരുന്നെങ്കിലും അവർ ഭക്തി ഞങ്ങളിൽ കുത്തിച്ചെലുത്താൻ ഒരിക്കലും ശ്രമിച്ചില്ല... ഈശ്വരന്റെ തിരുനാമത്തിന് നെഹ്റുവിന്റെയും ഗാന്ധിജിയുടെയും ഹിറ്റ്ലറുടെയും പേരുകൾക്ക് മുതിർന്നവർ കൊടുത്തിരുന്ന പ്രാധാന്യമേ കല്പിച്ചിരുന്നുള്ളൂ." (പു.21) എന്നിങ്ങനെ കുടുംബത്തിലെ മതാത്മകാന്തരീക്ഷത്തെക്കുറിച്ചെഴുതുന്നു. കുടുംബത്തിൽ നിന്ന് ലഭിക്കാത്തത് തീവ്രമായി ഇച്ഛിക്കുന്ന പ്രകൃതം കുട്ടിക്കാലത്ത് മാധവിക്കുട്ടിയിൽ രൂപപ്പെട്ടിരുന്നു എന്ന് സൂചനകളു്. കുട്ടിക്കാലത്ത് കടുത്ത നിറങ്ങളോട് ഭ്രമം ഉായ

ിരുന്നു. എന്നാൽ അവയെല്ലാം ബാഹ്യപ്പകിട്ടോടുകൂടിയതാണെന്ന് അച്ഛൻ പറഞ്ഞു മനസ്സിലാക്കിച്ചിരുന്നുവത്രേ. “ഞങ്ങളുടെ കുടുംബം ഒരാദർശകുടുംബമാണെന്നും ലളിതമായ ജീവിതരീതികൾകൊ് ഞങ്ങൾ മറ്റുള്ളവർക്ക് മാതൃകകളായിത്തീരണമെന്നും അച്ഛൻ പറഞ്ഞു” (പു.22) എന്നിങ്ങനെ ആദർശാത്മകജീവിതം നയിക്കേതിനെക്കുറിച്ചുള്ള അനൗപചാരിക വിദ്യാഭ്യാസം തന്നെ കുടുംബത്തിൽ നിന്ന് ലഭിച്ചിരുന്നു. മാധവിക്കുട്ടിയുടെ ബാല്യസ്മരണകൾ സവിശേഷം പഠിക്കേവയാണ്. സവിശേഷമനോഘടന രൂപപ്പെട്ടതിന്റെ പശ്ചാത്തലം അവയിൽ നിന്ന വായിച്ചെടുക്കാം. പ്രത്യേകിച്ച് കൽക്കട്ടയിലെ ബാല്യകാലത്തെക്കുറിച്ചെഴുതുമ്പോൾ വീട്ടിൽ എപ്പോഴും വാല്യക്കാരുായിരുന്നു. കുട്ടിയായിരുന്ന കമല കൂടുതൽ സമയവും അവരോടൊപ്പമാണ് ചെലവഴിച്ചത്. ആ അനുഭവങ്ങൾ വ്യക്തിത്വത്തെ സ്വാധീനിച്ചതായും പറയുന്നു. വീട്ടുവേലക്കാരുടെയൊപ്പം വളരെയധികം സമയം ചെലവഴിച്ചതുകൊാകാം സഹജാവബോധത്തോടെ മറ്റുള്ളവരുമായി അടുക്കുവാനുള്ള കഴിവുായതെന്ന് എഴുത്തുകാരി സൂചിപ്പിക്കുന്നു്.

നാലപ്പാടിന്റെ മനോഹാരിതകൾ

കൽക്കത്തയിൽ നിന്ന് അവധിക്കാലത്ത് നാലപ്പാട്ടേക്കുള്ള വരവും അവിടത്തെ അനുഭവങ്ങളുടെ വിവരണവും ‘എന്റെകഥ’യ്ക്ക് വൈവിധ്യം നൽകുന്നു. സാമൂഹികവും രാഷ്ട്രീയവുമായ സംഭവങ്ങളെക്കുറിച്ചുള്ള പരാമർശങ്ങൾ ഈ ഓർമ്മയെഴുത്തിന് ചരിത്രപരമായ മൂല്യം പ്രദാനം ചെയ്യുന്നു്. ലോകരാഷ്ട്രീയ സംഭവവികാസങ്ങൾ ധ്വന്യാത്മകമായി സൂചിപ്പിക്കുന്നു കുട്ടിത്തത്തിന്റെ നിഷ്കളങ്കത ആ ആഖ്യാനങ്ങളിൽ ദർശിക്കാം. വർത്തമാനപ്പത്രങ്ങളിൽ തുടരെ വന്നുകൊിരുന്ന ഹിറ്റ്ലർ ചിത്രങ്ങൾ മുറിച്ചെടുത്ത് ആൽബം ഉാക്കിയിരുന്ന ചേട്ടനെ ഓർക്കുന്ന രംഗം ഇതിനുദാഹരണമാണ്. രാംലോകമഹായുദ്ധത്തിന്റെ വിഷവായു ലോകമെങ്ങും വ്യാപിച്ച കാലത്തെക്കുറിച്ചുള്ള സൂചന വിക്ഷുബ്ധകാലത്തിന്റെ അനുഭൂതിചരിത്രമായും വായിക്കാം. യുദ്ധം ആബാലവൃദ്ധം ജനങ്ങളെ മനോവിഭ്രാന്തിയിലും സ്ഥാനവിപര്യയത്തിലും അകപ്പെടുത്തി. യുദ്ധം സൃഷ്ടിച്ച ആശങ്കയാണ് പൊടുന്നനെ നാലപ്പാട്ടേക്കും അമ്മമ്മയുടെ അടുത്തേക്കും കമലയെ എത്തിക്കാൻ കാരണമായത്. ഒൻപതുവയസ്സുകാരിയുടെ മനസ്സിൽ നാലപ്പാട്ട് തറവാടിന്റെ മനോഹാരിതകൾ പകർന്നത് വ്യത്യസ്ത അനുഭൂതിയായിരുന്നു. ഹൃദ്യവും ചേതോഹരവുമായി നാലാപ്പാട്ടുതറവാടും പരിസരവും ചിത്രീകരിക്കുന്നു്. കണ്വാശ്രമം പോലെ വിളങ്ങിയിരുന്ന നാലാപ്പാട്ട് തറവാടെന്നും അതിന്റെ മനോഹാരിതകൾ വിവരിക്കാൻ വാക്കുകൾക്കുക്ഷാമം നേരിട്ടുവെന്നും പറയുന്നു. പടിപ്പുരമാളിക, അരളിപ്പൂക്കളുടെ കൊമ്പുകൾ, വടുകപ്പുളിമരങ്ങൾ, പ്ലാശുമരം, ചെറിയമ്മയുടെ ഓമനയായ പശുക്കൾ, വൃദ്ധരാക്ഷസരായ കാഞ്ഞിരമരം, ഇലഞ്ഞിയിൽ പടർന്ന തിപ്പലി, കുളക്കോഴികൾ വസിക്കുന്ന പൊന്തകൾ, ചീങ്കണ്ണികൾ ഇളവെയ്ലിൽ വാ തുറന്ന് വിശ്രമിക്കുന്ന കുളക്കടവുകൾ, തെക്കൻമാവ്, പുളിയാറൽച്ചെടി തുടങ്ങിയ ഹരിതസമൃദ്ധികളും ജൈവലോകവും കമലയിൽ വിസ്മയങ്ങൾ തീർത്തു. ഈ കാഴ്ചകളെയും അനുഭവങ്ങളെയും അതിന്റെ സമൃദ്ധിയിലും വ്യാപ്തിയിലും പിൽക്കാലത്ത് നീർമാതളം പൂത്തകാലത്തിലും, ബാല്യകാലസ്മരണകളിലും ആവിഷ്കരിക്കുന്നു്. ഓർമ്മകളുടെയും അനുഭവങ്ങളുടെയും ഒരക്ഷയഖനിതന്നെയായിരുന്നു മാധവിക്കുട്ടിക്ക് ഉായിരുന്നത്. രോഗാതുരകാലത്ത് തിരക്കിട്ട് പരമ്പരയ്ക്കുവേി എഴുതിയതുകൊാകാം ‘എന്റെകഥ’യ്ക്ക് സമഗ്രത കൈവരാതെ പോയത്. ഏതായാലും പിന്നീടെഴുതിയ ബൃഹത്തായ ഓർമ്മാഖ്യാനങ്ങളിൽ ഈ കുറവ് പരിഹരിക്കപ്പെടുന്നു്.

നാലപ്പാട് തറവാടിന്റെ ചരിത്രവും സംസ്കാരവും കമലയുടെ കാഴ്ചയിലൂടെ ഇതൾവിരിയുന്നു. മരുമക്കത്തായ തറവാടിന്റെ ഇല്ലായ്മയും വല്ലായ്മയും പ്രതാപവും വാസ്തുഭംഗിയും കോലായും നടുമുറ്റവും കിണറ്റിൻകരയും നെല്ലുകുത്തുപുരയും, അമ്മാമൻ നാരായണമേനോന്റെ ആഹാരനീഹാരാദി സാഹിത്യചർച്ചാകാര്യങ്ങളും കുട്ടികൃഷ്ണമാരാരും തുടങ്ങി ഗതകാലചിത്രങ്ങൾ ആൽബത്തിലെ താളുകളായി വായനക്കാരന് അനുഭവപ്പെടുന്നു. ഗ്രാമീണജീവിതവുമായി വേഗത്തിൽ ഇണങ്ങിയ കമല, പതിയെ മലയാളസാഹിത്യവായനയിലേക്ക് ആകൃഷ്ടയാകുന്നു. രമണനും നാടൻപ്രേമവുമെല്ലാം വായനയ്ക്ക് ലഹരി പകർന്നു. ശരീരം, പ്രണയം ഇവയെക്കുറിച്ചുള്ള തിരിച്ചറിവുകൾ ഉായ കാലമായിരുന്നു തൃശ്ശൂരിലെ ബോർഡിംഗ് സ്കൂൾകാലം. ആഘ്ലാതകരമായ തിരിച്ചറിവുകളും സുന്ദരവസ്തുക്കളിലേക്കുള്ള ആകർഷണവും രൂപപ്പെട്ടകാലം. കൗമാരമനസ്സിൽ വസ്തുബോധവും സ്വത്വബോധവും രൂപപ്പെടുന്നതിന്റെ മനശ്ശാസ്ത്രപാഠങ്ങളായി ഇതിനെ കാണാം. ശരീരത്തിന്റെയും മനസ്സിന്റെയും നിഗൂഢതകളെ കൗമാരമനസ്സ് ചകിതമായി പിന്തുടരുന്നു. പെണ്മയുടെ അനുഭവങ്ങളുമായി താദാത്മ്യം പ്രാപിക്കുന്നു. ഇങ്ങനെ സ്ത്രൈണകൗമാരത്തിന്റെ മനോലോകങ്ങൾ യാഥാർത്ഥ്യവും ഫിക്ഷനും ഇടകലർത്തി ആഖ്യാനം ചെയ്യുകയാണ്. മനുഷ്യാവസ്ഥകളുടെ സാർവ്വജനീനതകളിലേക്കുള്ള നോട്ടമായി മാറുന്നു് ഈ വിവരണങ്ങൾ. സ്ഥിരവും ഭദ്രവുമായ ഒരു സ്നേഹത്തിനുവേി കൊതിച്ചിരുന്ന മനസ്സായിരുന്നു കമലയുടേത്. ആദർശഭരിതവും നിരാഡംബരവും വ്യവസ്ഥിതിയിൽ തറഞ്ഞുപോയതുമായ നാലപ്പാട്ടെ സ്ത്രീയവസ്ഥകൾ അഭിമുഖീകരിച്ചതിൽ നിന്നുായ തിരിച്ചറിവായിരിക്കാം ഈ സ്നേഹദാഹത്തിനു പിന്നിൽ. അന്നുവരെ ഒരു ഫെമിനിസ്റ്റ് ആഖ്യാനത്തിലും

കടന്നുവരാത്ത മരുമക്കത്തായ തറവാടുകളിലെ സ്ത്രീയവസ്ഥകളുടെ സമ്പൂർണ്ണചിത്രം 'എന്റെകഥ' നൽകുന്നു്. "അന്ന് എന്റെ തറവാടായ നാലപ്പാട്ടുവീട്ടിൽ പ്രായപൂർത്തി വന്നവരായി ഏഴുപേരുായിരുന്നു. അമ്മമ്മ, ചെറിയമ്മ, വാതംപിടിച്ചു കിടക്കുന്ന മുത്തശ്ശി, മറ്റൊരു മുത്തശ്ശി, വലിയ അമ്മാവൻ, അമ്മാവന്റെ അമ്മയായ മുത്തശ്ശി, ഏഴാമതായി മഹാത്മാഗാന്ധിയും. മഹാത്മജി അങ്ങനെ പറഞ്ഞു. ഇങ്ങനെ പറഞ്ഞു എന്ന് എല്ലായ്പ്പോഴും വീട്ടിലെ മുത്തശ്ശിമാർ ഉരുവിട്ടുകൊിരുന്നു. മഹാത്മജിയുടെ പടങ്ങൾ മിക്കമുറികളിലും തൂക്കിയിരുന്നു. മഹാത്മജി, ഗുരുവായൂർ വന്നപ്പോൾ നാലപ്പാട്ടെ സ്ത്രീകൾ അവരുടെ ആഭരണം അഴിച്ച് അദ്ദേഹത്തിനു കാഴ്ചവെച്ചു. നാലപ്പാട്ടെ സ്ത്രീകളുടെ ധനസ്ഥിതി ഓർത്തു നോക്കുമ്പോൾ മാത്രമേ ഈ ത്യാഗത്തിന്റെ മഹത്ത്വം ആർക്കും മനസ്സിലാവുകയുള്ളൂ" (പു.69) ഇങ്ങനെ ആദർശത്തിന്റെയും ത്യാഗത്തിന്റെയും പ്രതീകങ്ങളായിരുന്ന, ചരിത്രനിർമ്മിതിയിൽ മനസ്സുകൊും കർമ്മംകൊും എളിയസംഭാവനകളർപ്പിച്ച സ്ത്രീകളെ ഹൃദ്യമായി സ്മരിക്കുന്നു. സ്നേഹകാമനകൾ ഉള്ളിലൊതുക്കി കവിതയിലും മഹാത്മാഗാന്ധിയിലും സ്വയം സമർപ്പിച്ചവരായിരുന്നു നാലപ്പാട്ടെ സ്ത്രീകൾ. സന്യാസിനിയെപ്പോലെ ജീവിച്ച ഒരു ചെറിയമ്മയെക്കുറിച്ചുള്ള ഓർമ്മ ഏറെ ഹൃദയസ്പർശിയാണ്. ആശാൻകവിതകൾ നോട്ടുബുക്കിൽ പകർത്തിവെച്ചിരുന്നത് മൃദുസ്വരത്തിൽ വായിച്ചുകൊ് ജനവാതിൽപ്പടിമേൽ അവർ ഇരിക്കുന്ന മനോഹരചിത്രം കമല ഓർക്കുന്നു. "സ്നേഹം ഭ്രാന്താണെന്നും വേദനയാണെന്നും ഒരു തപസ്യയാണെന്നും ഞാനന്ന് മനസ്സിലാക്കി. ദിവാകരന്റെ മടിയിൽ കിടന്നു മരിക്കുന്ന നളിനിയെയും ഭ്രാന്തനായ കാമുകനെത്തേടി വന്നെത്തിയ ക്ഷീണിതയായ ലീലയെയും സമയം തെറ്റി ചെന്നെത്തിയ ഉപഗുപ്തനെ സ്നേഹസ്യണമായ കണ്ണുകളോടെ വീക്ഷിക്കുന്ന തീവ്രവ്രണിതയായ വാസവദത്തയെയും ഞാൻ കു. അവർ യഥാർത്ഥ തപസ്വിനിമാരാണ് എന്ന് എനിക്കു തോന്നി" (പു.69). എന്നിങ്ങനെ സാഹിത്യഭാവനയുടെ ലോകത്ത് ജീവിച്ച ചെറിയമ്മയെക്കുറിച്ച് എഴുതിയിരിക്കുന്നു. ആശാന്റെ ഭാവനാലോകത്തെ സ്ത്രീവായനക്കാർ നെഞ്ചിലേറ്റിയതിന്റെ അനുഭൂതി ചരിത്രമായും ഇതുവായിക്കാം. വൈവിധ്യമാർന്ന ജീവിതാനുഭവങ്ങളെയും മനുഷ്യരെയും മുഴുവൻ കഥകളായി ക മാധവിക്കുട്ടിയിൽ, സ്വാതന്ത്ര്യത്തിന്റെ വിശാലവിഹായസ്സിലേക്ക് പറന്നുയരാൻ കൊതിക്കുന്ന സർഗ്ഗാത്മകത വേരൂന്നി തഴച്ചുവളർന്നത് ഇത്തരം അനുഭവപരിസരത്തിൽ നിന്നുതന്നെയെന്ന് നിസ്സംശയം പറയാം. നാലപ്പാട്ടെ ഗ്രാമീണാന്തരീക്ഷത്തിൽ നിന്ന് കൽക്കത്തയിലേക്കുള്ള പറിച്ചുനടൽ ബാല്യകാലത്ത് ഇടവിട്ട് തുടർന്നുപോന്നു. കുട്ടിക്കാലത്തുായ അനുഭവവൈവിധ്യം സ്വപ്നജീവിയായ എഴുത്തുകാരിയിലേക്കുള്ള കമലയുടെ വളർച്ചയെ ഏറെ സഹായിച്ചിട്ടുാവണം. ഗ്രാമീണവും മെട്രോപൊളിറ്റനുമായ അനുഭവലോകങ്ങളുടെ നിഴലും വെളിച്ചവും ഇടകലർന്നുവരുന്നതാണല്ലോ മാധവിക്കുട്ടിയുടെ രചനാലോകം.

തുറന്നുപറച്ചിലുകൾ

ശരീരം, പ്രണയം, സ്ത്രീത്വം ഇവയെക്കുറിച്ചുള്ള തിരിച്ചറിവുകൾ സൃഷ്ടിച്ച സംഘർഷം മാധവിക്കുട്ടിയുടെ സാഹിത്യത്തിന്റെ കേന്ദ്രധമനികളിലൊന്നാണ്. തുറന്നുപറച്ചിലുകൾ അത്യന്തം സ്വപ്നാത്മകമാണ്. സ്ത്രീത്വത്തോടു ബന്ധപ്പെട്ട സകലസ്വഭാവദൂഷ്യങ്ങളും തനിക്കു സമൃദ്ധിയായു് എന്ന് അവർ തുറന്നു പറയുന്നു്. "സുരക്ഷിതത്വത്തിനു വേിയുള്ള അമിതമായ വെമ്പൽ, മനോഹരവസ്തുക്കളോടും സുഗന്ധദ്രവ്യങ്ങളോടുമുള്ള ഭ്രമം, ആഘോഷിക്കുവാനും അഹങ്കരിക്കുവാനുമുള്ള താല്പര്യം, വീരപുരുഷന്മാരോടുള്ള ആരാധനാമനോഭാവം" (പു.79) എന്നിങ്ങനെ കൗമാരഭ്രമാത്മകതയിലേക്ക് ഊളിയിടുന്ന എഴുത്തുകാരിയെ കാണാം. യഥാർത്ഥമായ ഓർമ്മചിത്രങ്ങളിൽ നിന്നും ആത്മചിത്രങ്ങളിലേക്കുള്ള കുടമാറ്റം മേഘപാളികൾക്കിടയിൽ നിന്നും തെളിവാനിലേക്കിറങ്ങിയും വീും കാർമേഘാവൃതമായിത്തീരുന്ന ചന്ദ്രബിംബം പോലെ കമല 'എന്റെകഥ'യിൽ പ്രത്യക്ഷപ്പെടുന്നു എന്നു പറയാം. 'എന്റെകഥ'യെ ഒരു ഫിക്ഷൻ ആയി കാണാൻ പ്രേരിപ്പിക്കുന്ന ഘടകവും ഇതാവാം. ഗ്രാമീണവും നാഗരികവുമായ അനുഭവങ്ങൾ സ്വപ്നലോലുപമായ ഒരു പെൺകുട്ടിയുടെ മനസ്സിലുാക്കിയ പ്രകമ്പനങ്ങളും നിശ്ചയമില്ലായ്മയുമത്രേ 'എന്റെകഥ'യുടെ താളത്തെ നിർണ്ണയിക്കുന്നത്.

പ്രണയവും സൗഹൃദവും ഉന്മാദിനിയെപ്പോലെ പറയുകയാണ് കമല. സ്വവർഗ്ഗ സ്നേഹാനുഭവങ്ങൾ മുതൽ സ്ത്രീമനസ്സിന്റെ വിലോലതകളിലേക്കുള്ള കല്പനാസഞ്ചാരങ്ങൾ വരെ ഓർമ്മയെഴുത്തായല്ല കഥയായിത്തന്നെയാണ് രൂപപ്പെടുന്നതെന്നു കാണാം. അതേസമയം ചരിത്രത്തിൽ സ്ത്രീയ്ക്കുള്ള സ്ഥാനം കഥാകഥനങ്ങൾക്കിടയിൽ പൊള്ളിക്കുന്ന വസ്തുതയായിത്തീരുന്നു്. നാലപ്പാട്ടെ സ്ത്രീകളെക്കുറിച്ചുള്ള വിവരണങ്ങൾ കേരളചരിത്രത്തിലെ ഫ്യൂഡൽ കുടുംബ ഘടനയെക്കുറിച്ചും സ്ത്രീപദവിയെക്കുറിച്ചുമുള്ള ജ്ഞാനമായിത്തീരുന്നു. പ്രശസ്ത സ്ത്രീവാദചിന്തക ഹെലൻസിക്സസ്, 'മെഡൂസയുടെ ചിരിയിൽ' സ്ത്രീവ്യക്തിത്വത്തിന്റെ പ്രത്യേകതകളെക്കുറിച്ച് നിരീക്ഷിക്കുന്നു്. "വളരെയധികം വ്യതിരിക്തമായ വ്യക്തിത്വങ്ങളാണ് സ്ത്രീകളുടേത് ഒരു സ്ത്രീയുടെ ലൈംഗികചിന്തകളെക്കുറിച്ച് ഒരിക്കലും ഒരു പൊതുധാരണയിലെത്താനോ അതിനെ വ്യക്തമായി ഏതെങ്കിലും നിയമ സംഹിതകൾക്കുള്ളിൽ കൊുവരാനോ നിങ്ങൾക്കു കഴിയില്ല. അത് നിശ്ചിതമായ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വർഗ്ഗീകരിക്കാൻ കഴിയാത്തതുമാണ്. പിന്നെ നിങ്ങൾക്കു സാധ്യമാവ

ുന്നത് ഏതെങ്കിലുമൊന്നിനോടുള്ള വിദൂരമായ സാദൃശ്യത്തെക്കുറിച്ച പറയുക മാത്രമാണ്. അവരുടെ ചിന്താശേഷി അടങ്ങാത്തതാണ്. സംഗീതത്തിലായാലും ചിത്രമെഴുത്തിലായാലും എഴുത്തിലായാലും സ്ത്രീകളുടെ ഭാവന അതീതമാണ്" എന്ന് ഹെലൻസിക്സസ് പറയുന്നു. ഇത്തരത്തിൽ അതീതങ്ങളിലേക്ക് പറന്നുയരുന്ന ഭാവനയാണ് 'എന്റെകഥ'യുടെ വിസ്ഫോടകസൗന്ദര്യത്തിനു കാരണം സ്ത്രീയുടെ യഥാർത്ഥസ്വത്വത്തെ തിരഞ്ഞുള്ള ഭാവനാസഞ്ചാരങ്ങളാണ്, ജീവിതപാരുഷ്യങ്ങളെ മറികടക്കാനുള്ള ഇച്ഛകളാണ് സ്വപ്നങ്ങളാണ് 'എന്റെകഥ'യിൽ തിളങ്ങി നിൽക്കുന്നത്. അതുകൊണ്ട് ഇതൊരു ഫിക്ഷനാണ് എന്നു പറയേിവരുന്നത്.

മുഷിഞ്ഞ സ്ത്രീജീവിതങ്ങൾ

നാലപ്പാട്ടെ മുഷിഞ്ഞ സ്ത്രീജീവിതങ്ങൾ, സ്നേഹം, ദാമ്പത്യം, രതി തുടങ്ങിയ അനുഭവങ്ങൾ ഒക്കെ മാധവിക്കുട്ടിയെ ചില തിരിച്ചറിവുകളിലേക്കു നയിക്കുന്നു. സ്ത്രീയവസ്ഥയെക്കുറിച്ചുള്ള തുറന്നെഴുത്തുകൾ ഈ അനുഭവങ്ങൾ സമ്മാനിച്ച ജ്ഞാനത്തിൽ നിന്നാവണം. നിസ്വാർത്ഥത മുഖമുദ്രയാക്കിയ സ്വന്തം അമ്മ, മുപ്പത്താറാം വയസ്സിൽ വിധവയായ അമ്മമ്മ, വെള്ളഖാദിയും ഗാന്ധിജിയുടെ ജീവിതരീതികളും സ്വീകരിച്ച് ഏതാൊരു സന്യാസിനിയെപ്പോലെ ജീവിച്ച ചെറിയമ്മ, അനാഥയായ ഉണ്ണിമായമ്മ. ഇവരുടെയൊക്കെ ജീവിതകഥകൾ കമലയിൽ സ്ത്രീയുടെ സുരക്ഷിതത്വം സംബന്ധിച്ച ചിന്തകൾ രൂപപ്പെടാൻ കാരണമായി. സ്ത്രീയുടൽ എപ്പോഴും വേട്ടയാടപ്പെടുന്നു എന്ന് അമ്മമ്മയ്ക്കുായ ഒരനുഭവം ഓർമ്മിപ്പിച്ചു. ശരീരം പോലെ തന്നെ സ്ത്രീയ്ക്ക് ഒരാത്മാവുണ്ടെന്നും കമല ഓർമ്മിപ്പിക്കുന്നു. സ്ത്രീയുടെ ആത്മാവിനെ തൊടുന്ന ആഖ്യാനമായി 'എന്റെകഥ' മാറുന്നതാണ് ഇതിന്റെ വിസ്മയങ്ങളിലൊന്ന്. കമല പറയുന്നു "സ്ത്രീകളുടെ ശരീരത്തിനു മാത്രമല്ല സുരക്ഷിതത്വം ആവശ്യമുള്ളത്. അവളുടെ ആത്മാവിനും അത്യാവശ്യമാണ്. സ്ത്രീക്ക് അവളുടെ പുരുഷൻ മാത്രമാണ് തണലും വിശ്രമവും. സ്നേഹിക്കപ്പെട്ടും ആരാധിക്കപ്പെട്ടും ജീവിച്ച അമ്മമ്മ, വിധവയായി ക്കഴിഞ്ഞപ്പോൾ വീും വിവാഹം ചെയ്തിരുന്നുവെങ്കിൽ അവരുടെ ജീവിതം മുഷിഞ്ഞ മേൽമുാവുമായിരുന്നില്ല. സ്ത്രീക്ക് തന്റെ പുരുഷൻ ഈശ്വരനാണ്. ശ്രീകൃഷ്ണനാണ്. അയാളിലുള്ള ശ്രീകൃഷ്ണനെയാണ് അവൾ സ്നേഹിക്കുന്നത്. രാമതു വിവാഹം ചെയ്താലും ആ ഭർത്താവിൽ അന്തർലീനനായി വർത്തിക്കുന്ന ഭഗവാനെ മാത്രമാണ് അവൾ സ്നേഹിക്കുന്നത്. നാനാവിധരൂപങ്ങളും പലവിധ നാമങ്ങളും നമ്മിൽ അമ്പരപ്പുളവാക്കുന്നു. അതെല്ലാം മിഥ്യയാണ്. പരിപൂർണ്ണസ്നേഹം കൊും സ്നേഹത്തിനുവേിയുള്ള ബലിയർപ്പിക്കൽ കൊും ഒരിക്കലും പാതിവ്രത്യഭംഗം സംഭവിക്കുകയില്ല. സ്നേഹം തപസ്സാണ് തപസ്സിന്റെ അന്ത്യമായ സായൂജ്യവും അതുതന്നെ" (എന്റെകഥ, പു.80) സ്ത്രീയുടെ സ്നേഹത്തിന്റെ ദിവ്യതലം തേടിയുള്ള അന്വേഷണമാണ്. കെ.പി.അപ്പൻ പറഞ്ഞതുപോലെ, എന്റെകഥയെ സ്നേഹത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും പുതിയ ആഖ്യാനങ്ങൾക്കു വേിയുള്ള പരീക്ഷണമാക്കുന്നത് ദാമ്പത്യജീവിതത്തിൽ നേരിട്ട അന്യതാബോധത്തിന്റെ ചിത്രീകരണം, പ്രണയം, ദാമ്പത്യം എന്നിവയെ പ്രതിക്കൂട്ടിൽ നിർത്താൻ പര്യാപ്തമാണ്. തന്റെ ആറാമത്തെ വയസ്സിലും പിന്നീട് പതിനഞ്ചാമത്തെ വയസ്സിലും പിന്നീട് തന്റെ വരനായിത്തീർന്നയാൾ തന്നോടു കാട്ടിയ താല്പര്യം കാമത്തിന്റേതായിരുന്നു പ്രണയത്തിന്റേതായിരുന്നില്ല എന്ന് തിരിച്ചറിയുന്നു. ആൾക്കാരെയും വസ്തുക്കളെയും പരുക്കൻ മട്ടിൽ എടുത്തു പെരുമാറുന്ന ആളായിട്ടാണ് തന്റെ ബന്ധുകൂടിയായിരുന്ന പിന്നീട് ഭർത്താവായിത്തീർന്നയാളെ അവതരിപ്പിച്ചിരിക്കുന്നത്. "ഒരിക്കൽ അദ്ദേഹം എന്നെ എടുത്തു തലയ്ക്കുമീതെ ഒരു പങ്കമാതിരി ചുഴറ്റി അന്നെനിക്ക് ആറുവയസ്സാണ്" (പു.89) വളർച്ചയെത്തിയശേഷം പതിനഞ്ചാംവയസ്സിൽ വീും കാണുന്നു. പാരിജാതത്തിന്റെ ചുവട്ടിൽവെച്ച് ചുമലുകളിൽ അമർത്തിപ്പിടിക്കുകയും മാറിടത്തിൽ സ്പർശിക്കുകയും ചെയ്തു. വികാരഭ്രാന്തനും അസംസ്കൃതനുമായിരുന്നു തന്റെ പങ്കാളിയായിത്തീർന്ന പുരുഷനെന്നെഴുതുന്നു. പുരുഷന് സ്ത്രീയുടെ യഥാർത്ഥ സത്തയെ കത്തൊൻ കഴിയുന്നില്ല എന്ന് സ്ഥാപിക്കുകയാണ് ഇത്തരം പരാമർശങ്ങളിലൂടെ. അത് ഒരു തരത്തിൽ പെണ്ണെഴുത്തിന്റെ പ്രകോപനങ്ങളിലൊന്നായി സ്വീകരിക്കപ്പെട്ടു. പെണ്ണിന്റെ നിഷ്കളങ്കത തുറന്നു പ്രഖ്യാപിക്കുകയും ചെയ്യുന്നു മാധവിക്കുട്ടി. "ഞാനെപ്പോഴും കാമത്തെ സ്നേഹമായി തെറ്റിദ്ധരിക്കുന്നു. തെറ്റ് ഞാൻ മനസ്സിലാക്കുമ്പോഴേക്ക് എപ്പോഴും വൈകിപ്പോകുന്നു" (പു.90) വന്യവും മൃഗീയവുമെന്ന് ലൈംഗികതയെ വിശേഷിപ്പിക്കുകയും, ഏകാന്തതയുടെയും സ്വയം കത്തെലിന്റെയും കാലമായിരുന്നു ദാമ്പത്യജീവിതം സമ്മാനിച്ചതെന്നും 'എന്റെകഥ' പ്രഖ്യാപനം ചെയ്യുന്നു. "മധുരപ്രേമത്തിലും അകളങ്കതയിലും മുഴുകിയിരുന്നതുകൊ് പ്രയോജനമില്ലെന്ന് ഞാൻ തീരുമാനിച്ചു" (പു.91). ഇങ്ങനെ അനുഭവങ്ങളെ അപനിർമ്മിച്ച് തന്റേതായ സ്ത്രീസത്തയെ കടുെക്കാൻ ശ്രമിക്കുന്നതിന്റെ ഭാവനാസഞ്ചാരങ്ങളാണ് 'എന്റെകഥ'യെ സവിശേഷമാക്കുന്നതെന്നു പറയാം.

കാന്തികക്ഷേത്രം

'എന്റെകഥ'യിൽ ബീജരൂപത്തിൽ കാണുന്ന സ്ത്രീശരീരത്തെയും ലൈംഗികതയെയും സ്നേഹത്തെയും കുറിച്ചുള്ള കാല്പനികവീക്ഷണങ്ങൾ മാധവിക്കുട്ടിയുടെ കഥാലോകത്ത് പിന്നീട് ചതുരശ്രശോഭയോടെ പ്രത്യക്ഷപ്പെടുന്നതു കാണാം. ലൈംഗികതയിലെ അധീശത്വനിയമങ്ങളെ ലംഘിക്കുന്ന സദാചാര നിഷേധികളായി, സ്ത്രീശരീരം അഭിമാനമായി കാണുന്നവരായി, കപടമായ സ്നേഹവും സദാചാരവും തിരസ്കരിക്കുന്നവരായി, വിരസമായ ദാമ്പത്യത്തെ മറികടക്കുന്നവരായി, നിരവധി സ്ത്രീകഥാപാത്രങ്ങളെ സൃഷ്ടിക്കുന്നു് മാധവിക്കുട്ടി തന്റെ കഥകളിൽ. ചതുരംഗം, തണുപ്പ്, രാജാവിന്റെ പ്രേമഭാജനം തുടങ്ങിയ കഥകളുടെ ബീജം 'എന്റെകഥ'യിലെ സ്വപ്നസഞ്ചാരങ്ങളിൽ കത്തൊം. പിൽക്കാലത്ത് വശ്യസുഗന്ധം പരത്തിയ വിലോഭനീയമായ സ്വാതന്ത്ര്യത്തിന്റെ കഥാപൂക്കാലത്തിന്റെ മുകുളങ്ങൾ 'എന്റെകഥ'യിൽ മറഞ്ഞിരിക്കുന്നു്. സങ്കല്പങ്ങളുടെയും യാഥാർത്ഥ്യങ്ങളുടെയും ലോകത്ത് മാറിമാറി സഞ്ചരിച്ച എഴുത്തുകാരിയായിരുന്നു മാധവിക്കുട്ടി. ആ പ്രത്യേകതകൾ തന്നെയാണ് 'എന്റെകഥ'യിലും കാണാൻ കഴിയുന്നത്. സങ്കല്പം ഓർത്തോത്തു പെരുപ്പിക്കുന്ന ശീലമായിരുന്നു മാധവിക്കുട്ടിക്കുായിരുന്നതെന്ന് എം.പി.നാരായണപിള്ള നിരീക്ഷിക്കുന്നു്. അവരുടെ സങ്കല്പജീവിതത്തിന് കുടുംബാംഗങ്ങൾ എല്ലാവിധ പിന്തുണയും നൽകിയിരുന്നുവത്രേ. "സാങ്കല്പികമായ ലോകത്ത് ദുർനടപ്പുകാരി എന്ന ദുഷ്പേരു വിളിച്ചുവരുത്തിയ നാലപ്പാട്ടു ബാലാമണിയമ്മയുടെ മകൾ കമല യഥാർത്ഥത്തിൽ ഇതൊന്നുമായിരുന്നില്ല. മനസ്സിന്റെ അകത്തൊന്നും പുറത്തൊന്നും വച്ചുനടക്കാൻ അറിയാത്തതുകൊ് അല്പം വട്ടുള്ള ഭാര്യ എന്നേ ഭർത്താവിനു തോന്നിയിട്ടുള്ളൂ അല്പം വട്ടുള്ള ഒരമ്മ എന്നേ മക്കൾക്കും തോന്നിയിട്ടുള്ളൂ" എന്നത്രേ എം.പി.നാരായണപിള്ള നിരീക്ഷിക്കുന്നത് (മൂന്നാംകണ്ണ്, പു.89) വൈരുധ്യങ്ങളെ ഉൾവഹിച്ച എഴുത്തുകാരിയായിരുന്നു മാധവിക്കുട്ടി. അവരുടെ സാഹിത്യം ശരിയായി വിലയിരുത്തേ കാലം വരാനിരിക്കുന്നതേയുള്ളൂ. സാങ്കല്പികലോകത്തും യഥാർത്ഥലോകത്തും മാറിമാറി ജീവിച്ചുകൊള്ള എഴുത്തും സാമൂഹികപ്രതികരണവുമായിരുന്നു മാധവിക്കുട്ടിയുടേത്. അതിന് ഒരുദാഹരണം എം.പി.നാരായണപിള്ള ചൂികാണിക്കുന്നു്. സതിക്കെതിരെ ഇന്ത്യാഗവൺമെന്റ് നിയമം പാസാക്കാനിടയായ ഒരനിഷ്ടസംഭവം 1980 കളുടെ മധ്യത്തിൽ രാജാസ്ഥാനിലുായി. രൂപ്കൻവർ എന്ന യുവതി സതിയനുഷ്ഠിച്ച സംഭവം. അതിനെതിരെ വനിതാസംഘടനകളുടെയും മറ്റും വൻപ്രതിഷേധം ഇന്ത്യയൊട്ടുക്കും അലയടിച്ചപ്പോൾ മാധവിക്കുട്ടി പറഞ്ഞ അഭിപ്രായം അവരുടെ ഭിന്നവ്യക്തിതത്തിലേക്കു വിരൽചൂുന്നു. "ശരിക്കും ഭർത്താവിനോട് സ്നേഹമുള്ള ഭാര്യയ്ക്കു ചിതയിൽ ചാടാൻ ഒരു മടിയുമുാകില്ല" എന്നത്രേ അവരെ ഫെമിനിസ്റ്റ് പോരാളിയായി വാഴ്ത്തിയവരെ ഇളിഭ്യരാക്കിക്കൊ് മാധവിക്കുട്ടി പറഞ്ഞത്. സമൂഹത്തിന്റെ യാഥാർത്ഥ്യങ്ങൾ മാധവിക്കുട്ടിക്ക് യാഥാർത്ഥ്യങ്ങളായിരുന്നില്ല. സ്വപ്നങ്ങളെ യാഥാർത്ഥ്യമായി കാണുന്ന അപൂർവത. യാഥാർത്ഥ്യത്തിനും സങ്കല്പത്തിനുമിടയിലെങ്ങോ ഒരന്തമില്ലായ്കയിൽ അകപ്പെട്ട എഴുത്തുകാരി. അതിന്റെ വിഭ്രമസൗന്ദര്യമാണ് 'എന്റെകഥ'യെ വശീകരണശക്തിയുള്ള കൃതിയായി കാലം കാത്തുവയ്ക്കുന്നത്. തന്റെ സങ്കല്പ ശക്തികൊ് ലോകത്തെ മാറ്റിത്തീർക്കാൻ അഭിലഷിച്ച എഴുത്തുകാരിയായിരുന്നു അവർ. മായികവർണ്ണങ്ങൾ ചാലിച്ചെഴുതിയ ആ സങ്കല്പലോകം അസ്വാതന്ത്ര്യത്തിന്റെ തുറുങ്കുകൾ ഭേദിക്കാൻ സ്ത്രീകൾക്ക് പ്രചോദനവും പ്രേരണയുമായിത്തീർന്നു. സ്ത്രീഭാവനയുടെ കാന്തികക്ഷേത്രമായി, വീും വീും സന്ദർശിക്കാൻ കൊതിക്കുന്ന തീർത്ഥസ്ഥാനമായി അങ്ങനെ 'എന്റെകഥ' നിലകൊള്ളുന്നു.

**അവലംബം**

1. മാധവിക്കുട്ടി, എന്റെകഥ, ഡി.സി.ബുക്സ്, കോട്ടയം, 2016.
2. മാധവിക്കുട്ടി, നീർമാതളം പൂത്തകാലം, ഡി.സി.ബുക്സ്, കോട്ടയം, 2016.
3. എം.പി.നാരായണപിള്ള, മൂന്നാംകണ്ണ്, ഡി.സി.ബുക്സ്, 2020.
4. സക്കറിയ, സന്മനസ്സുള്ളവർക്ക് സമാധാനം, ഡി.സി.ബുക്സ്, 2015.
5. Roy Pascal, Design and Truth in Autobiography, Cambridge, 1960.
6. Leigh Gilmore, The Limits of Autobiography, Trauma and Testimony Cornell Press 2001.
7. William Spengerman, The Forms of Autobiography, Episode in the History of Literacy Genre Yale University, 1980.